# INDIAN SCHOOL AL WADI AL KABIR

| CLASS: IX | DEPARTMENT: MALAYALAM | DATE: 10/08/2023 |
|---|---|---|
| Class Note | Lesson: രണ്ട് ടാക്സിക്കാർ | Topic: OTQ & Descriptive |

## രണ്ട് ടാക്സിക്കാർ

നാനാർത്ഥം :

കോട്ടം: കുറ്റം, ദു:ഖം/ താമസം: വാസം, കാലതാമസം, ഇരുട്ട്/ കർത്താവ്: ചെയ്യുന്നയാൾ, ദൈവം/ വിഭവം: സാധനസാമഗ്രികൾ, സമ്പത്ത്/ ചില്ലറ: നിസ്സാരമായ, വില കുറഞ്ഞ നാണയം/ മടി: മടിത്തട്ട്, അലസത/ വില: മൂല്യം, മതിപ്പ്.

പര്യായപദങ്ങൾ :

യാത്ര: ഗമനം, സഞ്ചാരം/ വിദ്യാർത്ഥി: പഠിതാവ്, അദ്ധ്യേതാവ്/ സഹോദരൻ: ഭ്രാതാവ്, സഹജൻ/ സുഹൃത്ത്: കൂട്ടുകാരൻ, ചങ്ങാതി/ വിവാഹം: കല്യാണം, പരിണയം/ പെട്ടി: പേടകം, മഞ്ജുഷ/ പാത്രം: ഭാജനം, ആവപനം/ സംശയം: സന്ദേഹം, ശങ്ക/ കുട്ടി: ശിശു, അർഭകൻ.

വിപരീതപദം :

ഉചിതം X അനുചിതം/ ഐച്ഛികം X അനൈച്ഛികം/ ശുദ്ധം X അശുദ്ധം/ സമൃദ്ധം X ദരിദ്രം/ ദൃഢം X ശിഥിലം/ തൃപ്തി X അതൃപ്തി/ ഉത്തമം X അധമം/ സുന്ദരം X വിരൂപം/ സ്നേഹം X ദ്വേഷം/ അഭിജാതൻ X അനഭിജാതൻ/ ദീർഘം X ഹ്രസ്വം/ ആദരം X അനാദരം.

അർത്ഥവ്യത്യാസം :

ഉദ്ദേശം= ഏകദേശം ഉദ്ദേശ്യം= ലക്ഷ്യം/ സകലം= എല്ലാം ശകലം= അല്പം/ വിവാഹം= കല്യാണം വിവാദം= തർക്കം/ ശിഖരം= ശാഖ ശേഖരം= കൂട്ടം/ പരിചരിക്കുക= ശുശ്രൂഷിക്കുക പരിഭവിക്കുക= പിണങ്ങുക, സങ്കടപ്പെടുക/ രോദനം= കരച്ചിൽ ഓദനം = ഭക്ഷണം/ പണം= ധനം പിണം= മൃതശരീരം

എതിർലിംഗം :

വിദ്യാർത്ഥി- വിദ്യാർത്ഥിനി/ ഗവേഷകൻ- ഗവേഷക/ ദാർശനികൻ- ദാർശനിക/ സ്നേഹശാലി- സ്നേഹശാലിനി/ കർത്താവ്- കർത്ത്രി/ സ്നേഹിതൻ- സ്നേഹിത/ മഹാൻ- മഹതി/ മേധാവി- മേധാവിനി/ ഭക്ത - ഭക്തൻ.

പിരിച്ചെഴുതുക :

പുസ്തകങ്ങൾ = പുസ്തകം + കൾ /തുടങ്ങിയപ്പോൾ = തുടങ്ങി + അപ്പോൾ /ആത്മാർപ്പണം = ആത്മ + അർപ്പണം / താമസമുണ്ട് = താമസം + ഉണ്ട് / അത്യന്തം = അതി + അന്തം / പുസ്തകത്തിൽ = പുസ്തകം + ഇൽ /അക്കാലം = അ + കാലം / അയാളുടെ = അയാൾ + ഉടെ

വിഗ്രഹിക്കുക :

കോളേജ്‌വിദ്യാർത്ഥികൾ=കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾ/ വിനോദസഞ്ചാരം= വിനോദത്തിനുള്ള സഞ്ചാരം/ ഗവേഷണപഠനം= ഗവേഷണത്തിലൂടെയുള്ള പഠനം/ വിദ്യാർത്ഥിസുഹൃത്തുക്കൾ = വിദ്യാർത്ഥികളായ സുഹൃത്തുക്കൾ / ഈശ്വരസൃഷ്ടി = ഈശ്വരന്റെ സൃഷ്ടി / സമുചിതം= ഉചിതമായ / വിഭവസമൃദ്ധം= വിഭവങ്ങളാൽ സമൃദ്ധം / ചിന്താസുന്ദരം = ചിന്തയാൽ സുന്ദരം / തീവണ്ടി= തീ കൊണ്ട് ഓടുന്ന വണ്ടി / നിസ്സാഹായത = സഹായമില്ലാത്ത അവസ്ഥ/ പാദനമസ്കാരം = പാദത്തിൽ നമസ്കരിക്കൽ

ഉത്തരം എഴുതുക

1. ''ടാക്സി റോഡരികിൽ ചേർത്ത് നിർത്തിച്ചിട്ട് ഞാൻ കൂടി ഫ്രണ്ട്സീറ്റിൽ ഡ്രൈവറുടെ അടുത്ത് സ്ഥലം പിടിച്ചു.'' കാരണമെന്ത്?

നിത്യചൈതന്യയതിയും ഒരു സുഹൃത്തും കൂടി ഒരു ദിവസം ടാക്സിയിൽ യാത്ര ചെയ്യുകയായിരുന്നു. ഇരുവരും ജർമ്മൻ തത്ത്വചിന്തകനായ കാൻറിന്റെ തത്ത്വചിന്തയെപ്പറ്റി സംഭാഷണം ആരംഭിച്ചു. കാൻറിന്റെ തത്ത്വചിന്തയിലെ ഒരാശയം പുസ്തകത്തിലുള്ളതു പോലെ പറയാൻ യതിക്ക് കഴിഞ്ഞില്ല. അപ്പോൾ കാറോടിച്ചിരുന്ന ഡ്രൈവർ യതി പറഞ്ഞ ആശയം പുസ്തകത്തിലുള്ളതു പോലെ പറഞ്ഞു. ഇത് കേട്ട് അത്ഭുതപ്പെട്ട യതി ടാക്സി റോഡരികിൽ ചേർത്ത് നിർത്തിച്ചിട്ട് ഡ്രൈവറുടെ അടുത്തുള്ള സ്റ്റീൽ പോയിരുന്നു. ഡ്രൈവറുടെ തത്ത്വചിന്താ താൽപര്യത്തെക്കുറിച്ചും അദ്ദേഹം ടാക്സിഡ്രൈവറായി തീർന്നതിനെക്കുറിച്ചും അറിയാനുള്ള ആഗ്രഹം കൊണ്ടാണ് ടാക്സി റോഡരികിൽ നിർത്തിച്ചിട്ട് യതി ഫ്രണ്ട്സീറ്റിൽ കയറിയിരുന്നത്.

2. ''അപ്പോൾ അയാളുടെ കൈവശം ജീവിതഭദ്രത നൽകുന്നതായി രണ്ട് അനുഗ്രഹങ്ങൾ ഉണ്ടായിരുന്നു- ബലിഷ്ഠമായ കൈകളും പതറാത്ത മനസ്സും.'' വിശദീകരിക്കുക

'രണ്ട് ടാക്സിക്കാർ' എന്ന ലേഖനത്തിൽ ഗുരു നിത്യചൈതന്യയതി ബോംബെയിൽ വെച്ച് കണ്ടുമുട്ടിയ ഒരു ടാക്സി ഡ്രൈവറെക്കുറിച്ച് വിവരിക്കുന്നതാണ് സന്ദർഭം. കർത്താർസിംഗ് എന്ന ആ ഡ്രൈവർ ഇന്ത്യാവിഭജനത്തിന്റെ ഇരയാണ്. അദ്ദേഹം ഫിലോസഫിയിൽ എം.എ.യ്ക്ക് പഠിച്ചുകൊണ്ടിരുന്നപ്പോൾ വിഭജനകാലത്തെ കലാപത്തിൽ പിതാവും സഹോദരനും കൊല്ലപ്പെട്ടു. പിറന്ന നാടും കുടുംബസ്വത്തുമെല്ലാം നഷ്ടപ്പെട്ട അദ്ദേഹം അമ്മയോടൊപ്പം ബോംബെയിൽ എത്തി ടാക്സിഡ്രൈവറായി ജോലി ചെയ്ത് അമ്മയെ സംരക്ഷിക്കുന്നു. പാകിസ്ഥാനിൽ നിന്ന് ഇന്ത്യയിലേക്കുള്ള യാത്രയിൽ അമ്മയോടൊപ്പം അദ്ദേഹത്തിന് കൂട്ടിനുണ്ടായിരുന്നത് ബലിഷ്ഠമായ കൈകളും പതറാത്ത മനസ്സും മാത്രമായിരുന്നു.

3. ലോകം തവിടുപൊടിയായി പോയെന്ന് ലേഖകന് തോന്നിയത് എപ്പോൾ?

ഒരിക്കൽ നിത്യചൈതന്യയതി കൽക്കട്ടയിൽ നടന്ന ഒരു ക്യാമ്പിൽ പങ്കെടുത്ത് ട്രെയിനിൽ ഡൽഹിയിലേക്ക് മടങ്ങുകയായിരുന്നു. ട്രെയിൻ വാരണാസി സ്റ്റേഷനിൽ നിർത്തിയപ്പോൾ യതി

കവറിൽ നിന്ന് 100 രൂപ എടുത്ത് ചില്ലറ മാറാനായി റെയിൽവേ ബുക്ക്സ്റ്റോളിലേക്ക് പോയി. ഒരു പുസ്തകം വാങ്ങി ചില്ലറ മാറുന്നതിനിടയിൽ വണ്ടി സ്റ്റേഷൻ വിട്ടു. തൻെറ പണവും മറ്റു സാധനങ്ങളും വെച്ചിരുന്ന ട്രെയിൻ സ്റ്റേഷൻ വിടുന്നത് കണ്ടപ്പോഴാണ് ലോകം തവിടുപൊടിയായി പോയെന്ന് അദ്ദേഹത്തിനു തോന്നിയത്.

4. ‘‘ജീവിതത്തിൽ ആപത്ത് ആർക്കുമുണ്ടാകും. ആപത്തിൽ അന്യോന്യം തുണയ്ക്കാനാണ് ദൈവം മനുഷ്യന് വിവേകം കൊടുത്തിരിക്കുന്നത്’’ സന്ദർഭമെഴുതി വിശദീകരിക്കുക

‘രണ്ട് ടാക്സിക്കാർ’ എന്ന ലേഖനത്തിൽ ഗുരു നിത്യചൈതന്യയതി വാരണാസിയിൽ വെച്ച് കണ്ടുമുട്ടിയ ഒരു ടാക്സിഡ്രൈവറെ കുറിച്ച് വിവരിക്കുന്നതാണ് സന്ദർഭം. വാരണാസിയിൽ വെച്ച് ചില്ലറ മാറുന്നതിനിടയിൽ ട്രെയിൻ പോയതു മൂലം നഷ്ടപ്പെട്ട സാധനങ്ങൾ വീണ്ടെടുക്കാൻ രാംഗോപാൽ മിശ്ര എന്ന ടാക്സിഡ്രൈവർ യതിയെ സഹായിച്ചു. ലേഖനോടൊപ്പം മണിക്കൂറുകൾ ചെലവഴിച്ച് അദ്ദേഹത്തെ ഡൽഹിയിലേക്ക് യാത്രയാക്കിയിട്ടാണ് രാംഗോപാൽ മിശ്ര മടങ്ങിയത്. ആപത്തിൽ പെടുന്നവരെ സഹായിക്കുക എന്നതായിരുന്നു അയാളുടെ ആദർശം. ഒരു സാധാരണ ടാക്സിഡ്രൈവർ ആയിരുന്നെങ്കിലും അയാൾ പ്രകടിപ്പിച്ച വിനയവും അർപ്പണബോധവും ആദർശനിഷ്ഠയുമാണ് നിത്യചൈതന്യയതിയെ ആകർഷിച്ചത്.

***